പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2812     14/02/2013-ൽ മറുപടിക്ക്

## മുഴുവൻ പട്ടികവർഗ്ഗക്കോളനികളും വൈദ്യുതീകരിക്കൽ

ചോദ്യം     മറുപടി

ശ്രീ.കെ.അജിത് :     കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; എല്ലാ കോളനികളും വനാന്തരങ്ങളിലാണോ; വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | 2008-ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നോഡൽ ഏജൻസിയായി നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 4762 പട്ടികവർഗ്ഗ കോളനികളുണ്ട്. എല്ലാ കോളനികളും വനാന്തരങ്ങളിലല്ല. 540 കോളനികൾ റിസർവ്വ് വനത്തിനുള്ളിലും 979 കോളനികൾ റിസർവ്വ് വനത്തിന് സമീപവും 3243 കോളനികൾ മറ്റ് പ്രദേശങ്ങളിലും സ്ഥിതി ചെയ്യുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ വൈദ്യുതീകരിച്ചതും വൈദ്യുതീകരി-ക്കാത്തതുമായ കോളനികൾ എത്ര; അവ ഏതെല്ലാമെന്ന് വെളിപ്പെടു-ത്തുമോ? | (ബി) | 2008-ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നോഡൽ ഏജൻസിയായി നടത്തിയ സർവ്വേ പ്രകാരം കേരളത്തിൽ വൈദ്യുതീകരിച്ച 3477 കോളനികളും വൈദ്യുതീകരിക്കാത്ത 1285 കോളനികളുമുണ്ട്. ഇവ ഏതെല്ലാമെന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | മുഴുവൻ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കുവാൻ ആലോചി-ക്കുന്നുണ്ടോ; | (സി) | പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരി-ക്കുവാൻ വേണ്ട പ്രോജക്ടുകൾ ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ പരിഗണിച്ചുവരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസന പദ്ധതിയിൽ 73 കോളനികൾ വൈദ്യുതീകരിക്കുവാൻ 5.49 കോടി രൂപയുടെ പ്രോജക്ട്, സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുന്നുണ്ട്. |
| (ഡി) | സൗരോർജ്ജ പാനലുകൾ വഴി മുഴുവൻ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | സാധ്യമായ കോളനികളിൽ സൗരോർജ്ജ പാനലുകൾ വഴി വൈദ്യുതീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ